പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം. 1806 | 07/03/2018 ൽ മറുപടി നല്കേണ്ടത്. |

**വിദ്യാർത്ഥികൾ ലഹരിക്കായി ഇംഗ്ലീഷ് മരുന്നുകൾ ഉപയോഗിക്കുന്നത്**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീമതി യു. പ്രതിഭ ഹരി** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | മനോരോഗ ചികിത്സക്കായുള്ള ഗുളികകൾ അടക്കമുള്ള ഇംഗ്ലീഷ് മരുന്നുകൾ ലഹരിക്കായി വിദ്യാർത്ഥികൾ ഉപയോഗിക്കുന്നു എന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | എ) | ഉണ്ട് |
| ബി) | എങ്കിൽ ഇവ നിയന്ത്രിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ പോകുന്നത് എന്ന് വിശദമാക്കാമോ? | ബി) | സൈക്കോട്രോപ്പിക് സബ്സ്റ്റൻസുകളിൽ ദുരുപയോഗം ചെയ്യപ്പെടാൻ സാധ്യതയുള്ള മരുന്നുകളെ ഷെഡ്യൂൾ എച്ച് 1 എന്ന പ്രത്യക പട്ടികയിൽ ഉൾപ്പെടുത്തി ഇവയുടെ വിതരണത്തിന് കർശന നിയന്ത്രണം ഏർപ്പെടുത്തിക്കൊണ്ട് ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് റൂൾ ഭേദഗതി ചെയ്തിട്ടുണ്ട്. ആയതുപ്രകാരം ഡോക്ടറുടെ കുറിപ്പടി പ്രകാരം മാത്രമേ ഇത്തരം മരുന്നുകൾ വിപണനം ചെയ്യാൻ പാടുള്ളൂ. കൂടാതെ ഇവയുടെ വിൽപ്പന വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതിന് പ്രത്യേക രജിസ്റ്റർ വേണമെന്നും നിയമം നിഷ്കർഷിക്കുന്നുണ്ട്. പരിശോധനാവേളകളിൽ പ്രസ്തുത രജിസ്റ്ററുകൾ പരിശോധിക്കുകയും നിയമലംഘനം ശ്രദ്ധയിൽപ്പെടുന്നപക്ഷം കർശന നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ആയതു കൊണ്ട് തന്നെ ഇത്തരം മരുന്നുകൾ ഡോക്ടറുടെ കുറിപ്പടിയില്ലാതെ ആർക്കും എളുപ്പത്തിൽ ലഭ്യമാകുന്ന സാഹചര്യം നിലവിലില്ല. |

സെക്ഷൻ ഓഫീസർ